**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 425** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഉറവിട മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജൂൺ ഒന്ന് മുതൽ അജൈവമാലിന്യങ്ങൾ ബ്രഹ്മപുരത്തേക്കു കൊണ്ടുപോകാൻ കഴിയില്ലെന്നും അത് ഉറവിടത്തിൽ തന്നെ സംസ്കരിക്കണമെന്നും ബ്രഹ്മപുരം തീപിടിത്തത്തെ തുടർന്ന് പ്രഖ്യാപനമുണ്ടായത് എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി നഗരസഭയിലെ അജൈവമാലിന്യം ശാസ്ത്രീയമായി കൈയ്യൊഴിയുന്നതിലേക്കായി വാതിൽപ്പടി ശേഖരണം കാര്യക്ഷമവും കുറ്റമറ്റ രീതിയിലും നിർവ്വഹിക്കുന്നതിനായി 887 അംഗങ്ങൾ അടങ്ങിയ ഹരിത കർമ്മസേനയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും വ്യാപിപ്പിച്ചിട്ടുള്ളതും കൃത്യമായി ശേഖരിച്ചു വരുന്നതുമാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന അജൈവ മാലിന്യം നഗരസഭയിൽ വിവിധ വാർഡുകളിലായി ക്രമീകരിച്ചിട്ടുള്ള 19 എം.സി.എഫ്. സെന്ററുകളിൽ സൂക്ഷിച്ചു വരുന്നതും ആയത് ചുമതലപ്പെടുത്തിയിട്ടുള്ള 07 ഹരിത സഹായ സ്ഥാപനങ്ങൾ വഴി ശേഖരിച്ച് നഗരസഭയുടെ കീഴിലുള്ള 4 ആർ.ആർ.എഫ്.കളിൽ എത്തിക്കുകയും ടി ഏജൻസികളുടെ ഉത്തരവാദിത്തത്തിൽ ബെയ് ലിംഗ് പൂർത്തീകരിച്ച് ഏജൻസികൾ തന്നെ നീക്കം ചെയ്ത് വരുന്നതും ടി പ്രവൃത്തി വളരെ നല്ല രീതിയിൽ നടന്നു വരുന്നതുമാണ്. |
| (ബി) | മൂന്നു ലക്ഷം കുടുംബങ്ങൾ ഉള്ള കൊച്ചി നഗരത്തിൽ എത്ര കുടുംബങ്ങൾക്കു ഉറവിട മാലിന്യ സംസ്കരണം ചെയ്യാൻ കഴിഞ്ഞു;ബാക്കിയുള്ളവർക്ക് എത്ര സമയത്തിനുള്ളിൽ ഉറവിട മാലിന്യ സംസ്കരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം 1700 കുടുംബങ്ങൾക്ക് ബയോ കംമ്പോസ്റ്റർ ബിൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. കൂടാതെ 2023-24 വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയ്ക്കായി 50 ലക്ഷം രൂപയുടെ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ